# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3631 — 19.02.2013 ന് മറുപടിക്ക്

## ഭരണഭാഷ മാതൃഭാഷ

ചോദ്യം — ഉത്തരം

ശ്രീമതി. കെ.എസ്. സലീഖ: — ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | 2002-ൽ കേരളപ്പിറവി ദിനമായ നവംബർ 1-ന് 6 വകുപ്പുകളിൽ ഭരണഭാഷ മലയാളമാക്കി ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷമുള്ള 10 വർഷം കൊണ്ട് ഏതെല്ലാം വകുപ്പുകളിൽ ആയത് നടപ്പിൽ വരുത്തി-യിട്ടുണ്ട്; വിശദമാക്കുമോ; | (എ) | 2002-ൽ കേരളപ്പിറവി ദിനമായ നവംബർ 1-ന് ശേഷം 5 സർക്കാർ വകുപ്പുകളിലും (ഔഷധനിയന്ത്രണം, സ്റ്റോഴ്സ് പർച്ചേസ്, തീരദേശ കപ്പൽഗതാഗതവും ഉൾനാടൽ ജലഗതാഗതവും, ശാസ്ത്ര സാങ്കേതികം, പൊതുഭരണ വകുപ്പ്) 30 സ്വയം ഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖല-സഹകരണ സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |
| (ബി) | ഭരണഭാഷ-മാതൃഭാഷ ആചരണ വർഷത്തിലും ചില മന്ത്രിമാർ പ്രസ്തുത നിർദ്ദേശം ലംഘിച്ച് പല സന്ദർഭങ്ങളിലും സംസ്ഥാനത്തിനകത്തുള്ള വിഷയങ്ങളിൽ സംസ്ഥാനത്തിനകത്തുള്ളവർക്ക് കത്തുകൾ ഇംഗ്ലീഷിൽ അയയ്ക്കുന്നതായി ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| (സി) | എങ്കിൽ 2012 നവംബർ 1 മുതൽ 2013 നവംബർ 1 വരെ ഭരണഭാഷ വർഷമായി ആചരിക്കുന്ന ഈ സന്ദർഭ-ത്തിൽ പ്രസ്തുത നടപടി ശരിയാണോ എന്ന് കരുതു-ന്നുണ്ടോ; വിശദമാക്കുമോ; | | |
| (ഡി) | മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രി മാരുടെയും കാര്യാലയങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നിന്ന് അയയ്ക്കുന്ന എല്ലാ കത്തു കളുടെയും മുകളിൽ 'ഭരണഭാഷ-മാതൃഭാഷ' എന്ന വാക്യം പതിക്കണമെന്നും സർക്കാർ ഡയറി, കലണ്ടർ, ലറ്റർപാഡുകൾ തുടങ്ങിയവ യിൽ പ്രസ്തുത വാക്യം അച്ചടിക്കണമെന്നും മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ ചുമതല വഹിക്കുന്ന സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (ഡി) | ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് |
| (ഇ) | എങ്കിൽ സംസ്ഥാന മന്ത്രിസഭയിലെ രണ്ട് മന്ത്രിമാരുടെ കാര്യാലയങ്ങൾ പ്രസ്തുത നിർദ്ദേശം പാലിച്ചി-ട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; വിശദമാക്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| (എഫ്) | ഭരണഭാഷ മലയാളമാക്കിക്കൊണ്ടുള്ള ഉത്തരവ് പല വകുപ്പുകളിലും പാലിക്കപ്പെടുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ചില ജില്ലകളിൽ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ജി) | എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ജി) | എറണാകുളം, കാസറഗോഡ്, പത്തനംതിട്ട ജില്ലകളിൽ ജില്ലാതല അവലോകന യോഗം നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആവശ്യമായ നിർദേശം നൽകുകയുണ്ടായി. എറണാകുളം, പത്തനതിട്ട ജില്ലകളിൽ ഔദ്യോഗികഭാഷാ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും ഭാഷാമാറ്റം ത്വരിതപ്പെടുത്തുന്നതിന് നിർദേശം നൽകുകയും ചെയ്തു. |
| (എച്ച്) | കഴിയുന്നത്ര വേഗത്തിൽ കോടതി നടപടിക്രമങ്ങളും ഉത്തരവുകളും സാധാരണക്കാർക്ക് മനസ്സിലാകുന്ന വിധത്തിൽ മലയാള ഭാഷയിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (എച്ച്) | കോടതി ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിക്കപ്പെട്ട ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷന്റെ ശുപാർശകൾ ഹൈക്കോടതിയുമായി ആലോചിച്ച് നടപ്പിലാക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അതിന്റെ അടിസ്ഥാനത്തിൽ വളരെ പ്രധാനപ്പെട്ടതും കാലികവുമായ സുപ്രിം കോടതി വിധിന്യായങ്ങളും ഹൈക്കോടതി |

| | | | | |
|---|---|---|---|---|
| | | | | വിധിന്യായങ്ങളും മറ്റും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിക്കൊണ്ട് ഒരു മലയാള നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനും മലയാളത്തിലേക്ക് തർജിമ ചെയ്ത നിയമങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും, പ്രധാനപ്പെട്ട ഉത്തരവുകൾ, വിജ്ഞാപനങ്ങൾ എന്നിവ മലയാളത്തിലേക്ക് തർജിമ ചെയ്ത് ലഭ്യമാക്കുന്നതിനും 1987 ൽ നിയമ വകുപ്പ് പ്രസിദ്ധീകരിച്ച നിയമ ശബ്ദാവലി ഔദ്യോഗികഭാഷാ വകുപ്പിന്റെ പങ്കാളിത്തത്തോടെ പരിഷ്ക്കരിക്കുന്നതിനും മറ്റ് അനുബന്ധ ചുമതലകൾക്കുമായി നിയമ (ഔദ്യോഗികഭാഷാ-പ്രസിദ്ധീകരണ സെൽ) വകുപ്പ് എന്ന പേരിൽ സ.ഉ (കയ്യെഴുത്ത്) നം. 78/2012/നിയമം - തീയതി 02/03/2012 പ്രകാരം ഒരു പുതിയ വകുപ്പ് നിയമ വകുപ്പിൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**